(ഇ) എങ്കിൽ ഇത് എന്നാണെന്നും ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(എഫ്) ഇരിട്ടി പാലം അടിയന്തിരമായി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാലം 1933-ലാണ് നിർമ്മിച്ചത്. ഇതിന്റെ കാലാവധി 100 വർഷമാണ്.

(സി) ഉണ്ട്.

(ഡി) സമർപ്പിച്ചിട്ടുണ്ട്.

(ഇ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ക്വട്ടേഷൻ പരിശോധിച്ചുവരുന്നു.

(എഫ്) ക്വട്ടേഷന് അംഗീകാരം നൽകി ഭരണാനുമതി നൽകുകയും ചെയ്തശേഷം പണിചെയ്തു തീർക്കുന്നതാണ്.

കനോലി കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള നടപടി

152 (3029) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തൃശ്ശൂർ ജില്ലയിൽ നാട്ടിക മണ്ഡലത്തിലെ എങ്ങണ്ടിയൂർ പഞ്ചായത്തിനെയും, മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് കനോലി കനാലിനു കുറുകെ പുളിക്കക്കടവിൽ ഒരു പാലം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പാലത്തിന്റെ നിർമ്മാണത്തിന് നബാർഡ് സാമ്പത്തിക സഹായം നൽകാൻ സമ്മതിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് നബാർഡ് നൽകാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-3-1993 ലെ ജി. ഒ. (ആർ.റ്റി.) നം. 479/93/ പൊ.മ.വ. പ്രകാരം 360 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. 27-5-1997-ൽ പണി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-12-2000-ൽ തീരുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) 761.71 ലക്ഷം രൂപ

പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ ചീഫ് എൻജിനീയറുടെ മൊത്തം തുക

153 (3030) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ വിവിധ ശീർഷകങ്ങളിൽ ചീഫ് എൻജിനീയറുടെ മൊത്തം തുക എന്ന ഇനത്തിൽ എത്ര വീതം തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ഇതിൽ മന്ത്രിയുടെ ഉത്തരവിൻ പ്രകാരം എത്ര തുക ചെലവഴിച്ചുവെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ വിവിധ ശീർഷകങ്ങളിൽ 1367.57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. ചീഫ് എൻജിനീയറുടെ മൊത്തം തുകയുടെ പ്രത്യേകമായ കണക്ക് ലഭ്യമല്ല. അതിനാൽ 1999-2000 -ലെ ബഡ്ജറ്റിലെ മൊത്തം തുകയുടെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) തുക ചെലവഴിക്കുന്നതിന് മന്ത്രി ഉത്തരവ് നൽകാറില്ല.

പടിഞ്ഞാറത്തറ-പൂഴിത്തോട്-പെരുവണ്ണാമുഴി റോഡിന്റെ നിർമ്മാണം

154 (3031) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയും കോഴിക്കോടു ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന പടിഞ്ഞാറത്തറ-പൂഴിത്തോട്-പെരുവണ്ണാമുഴി റോഡിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(സി) ഈ റോഡിന്റെ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly